പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2079 05.12.2018-ൽ മറുപടിക്ക്

# ശബരിമലയിൽ ഭീകരാന്തരീക്ഷം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിലെത്തിയ അയ്യപ്പഭക്തരെ ഭീകരർക്ക് സമാനമായി പോലീസ് കണക്കാക്കുന്ന എന്ന വ്യാപക പരാതി ഗൗരവത്തോടെ കാണുന്നുണ്ടോയെന്നറിയിക്കുമോ ;<br><br>(ബി) മക്കയ്ക്ക് ശേഷം ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ ഭക്തർ സന്ദർശനം നടത്തുന്ന ശബരിമലയിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന നടപടിയല്ലേ പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമല ക്ഷേത്രത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്നതിനും തീർത്ഥാടകർക്ക് സുഗമവും സുരക്ഷിതവുമായ ദർശനത്തിനുള്ള സൗകര്യം ഒരുക്കുക എന്ന ചുമതലയാണ് പോലീസ് നിർവ്വഹിക്കുന്നത്. അയ്യപ്പ ഭക്തരോട് വളരെ സൗമ്യവും മാന്യവുമായ സമീപനമാണ് പോലീസ് സ്വീകരിച്ച വരുന്നത്. |
| (സി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെടുകയും പോലീസ് രാജ് ഏർപ്പെടുത്തുകയും ചെയ്തതോടെ പുണ്യഭൂമിയെ കലാപഭൂമിയാക്കുകയാണ് സർക്കാരും ബി.ജെ.പി യും ചെയ്തിരിക്കുന്നത്എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | സി) | അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമലയിലെത്തുന്ന ഭക്തർക്ക് യാതൊരു പ്രയാസവും കൂടാതെ ദർശനം നടത്തുവാനുള്ള ക്രമീകരണങ്ങൾ മാത്രമാണ് പോലീസ് ഏർപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| (ഡി) നിലയ്ക്കൽ മുതൽ സന്നിധാനം വരെ കുടിവെള്ളവും ഭക്ഷണവും പോലും ലഭ്യമല്ല എന്ന കേരള ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ? | (ഡി) നിലയ്ക്കൽ മുതൽ സന്നിധാനം വരെ കുടിവെള്ളവും ഭക്ഷണവും കൃത്യമായി ലഭ്യമാക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ